LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട് ജില്ലയിലെ നീര ഉൽപ്പാദനം

164 (4202) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ പടിഞ്ഞാറുഭാഗത്തെ പ്രദേശങ്ങളിൽനിന്നും നീര ഉൽപ്പാദിപ്പിക്കാൻ ലൈസൻസ് തേടിക്കൊണ്ട് ഏതെങ്കിലും ഫെഡറേഷനുകൾ അപേക്ഷ നൽകിയിട്ടുണ്ടോ ;

(ബി) പാലക്കാട് ജില്ലയുടെ പടിഞ്ഞാറുഭാഗത്ത് നീര വൻതോതിൽ ഉൽപ്പാദിപ്പിക്കാനുള്ള ഒരു പ്ലാന്റ് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഒരു നീര ഉൽപ്പാദനയൂണിറ്റ് പട്ടാമ്പി മേഖല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നീര ഉൽപ്പാദിപ്പിക്കുന്നതിനുള്ള ലൈസൻസ് നൽകുന്നത് ജില്ലാതലത്തിലുള്ള ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറാണ്. പാലക്കാട് ജില്ലയുടെ പടിഞ്ഞാറ് ഭാഗത്തെ പ്രദേശങ്ങളിൽനിന്ന് ശ്രീകൃഷ്ണപുരം, നാളികേര ഉല്പാദക ഫെഡറേഷൻ മാത്രമെ ലൈസൻസിനായി അപേക്ഷിച്ചിട്ടുള്ള എന്നും ആയതിന് യഥാസമയം ലൈസൻസ് നൽകിയിട്ടുണ്ടെന്നും എക്സൈസ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

പച്ചക്കറി, പഴം എന്നിവയുടെ രാസപരിശോധന

165 (4203) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് എത്തിക്കുന്ന വിവിധയിനം പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ തുടങ്ങിയവയിൽ തളിക്കുന്ന വിഷം കേരളീയർക്ക് അർബുദ രോഗം വരുത്താൻ ഇടയാക്കുന്നുവെന്ന തരത്തിൽ വന്നിട്ടുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച ശാസ്ത്രീയ പരിശോധനകൾ എന്തെങ്കിലും കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വിഷം തളിച്ച പച്ചക്കറികളുടെ കേരളത്തിലേക്കുള്ള ഇറക്കുമതി തടയുന്നതിന് കൃഷി വകുപ്പ് ചെക്ക്പോസ്റ്റുകളിൽ പരിശോധന നടത്താറുണ്ടോ ; ഇത്തരം പരിശോധനകൾക്കായി എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; ഏതൊക്കെ ചെക്ക്പോസ്റ്റുകളിലാണ് ഈ സംവിധാനങ്ങൾ ഉള്ളത് ;

(ഡി) ഇത്തരം പരിശോധനവഴി വിഷം തളിച്ചവയെന്ന് കണ്ടെത്തിയ പച്ചക്കറികളും, പഴങ്ങളും കൊണ്ടുവരുന്നവർക്കെതിരെ എന്ത് നടപടിയാണ് എടുത്തിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഇ) കേരളത്തിലെ വിവിധ പച്ചക്കറി, പഴം, വിൽപ്പനശാലകളിൽ എത്തിക്കുന്ന ഇവയുടെ പരിശോധനയ്ക്കായി പ്രത്യേക സ്ക്വാഡിനെ കൃഷി വകുപ്പ് നിയോഗിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ;

(എഫ്) കേരളത്തിലെ ഓരോ വീടുകളിലും ഇത് സംബന്ധിച്ച സന്ദേശ മെത്തിക്കുന്നതിനും, ജൈവ പച്ചക്കറി-പഴവർഗ്ഗ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കൃഷിവകുപ്പ് മുഖേന സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നാം നിത്യേന ഉപയോഗിക്കുന്ന പച്ചക്കറികൾ അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്നതാകയാൽ അവയിൽ കീടനാശിനി അവശിഷ്ടം അനുവദനീയമായതിൽ കൂടുതൽ അളവിലുണ്ടോയെന്ന് പരിശോധിച്ചറിയുന്നതിന് കാർഷിക സർവ്വകലാശാലയും കൃഷിവകുപ്പുംചേർന്ന് 2013 മുതൽ സേഫ്-ടു-ഈറ്റ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധനാ ലാബിൽ പച്ചക്കറി സാമ്പിളുകൾ ശാസ്ത്രീയമായി പരിശോധിച്ച് ഫലം മൂന്നുമാസത്തിലൊരിക്കൽ കേരള സർക്കാരിന്റെ (www.kerala.gov.in) എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

(സി&ഡി) ഇല്ല.

(ഇ) കൃഷിവകുപ്പ് പച്ചക്കറി, പഴം വിൽപ്പനശാലകളിൽ എത്തിക്കുന്നവയുടെ പരിശോധനയ്ക്കായി പ്രത്യേക സ്ക്വാഡിനെ നിയോഗിച്ചിട്ടില്ല. എന്നാൽ സേഫ്-ടു-ഈറ്റ് പദ്ധതിപ്രകാരം കാസർഗോഡ്, തിരുവനന്തപുരം എന്നിവിടങ്ങളിലെ പച്ചക്കറിച്ചന്തകൾ, സൂപ്പർ മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവിശിഷ്ട പരിശോധനാ ലാബിൽ പരിശോധിച്ച് ഫലം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

(എഫ്) ജൈവ പച്ചക്കറി കൃഷി സംബന്ധിച്ച് ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയ സുരക്ഷിത പച്ചക്കറി കൃഷിക്ക് ഒരു മാർഗ്ഗരേഖ എന്ന കൈപുസ്തകവും ജൈവ പച്ചക്കറി കൃഷിയെപ്പറ്റി തയ്യാറാക്കിയ ലഘുലേഖകളും കർഷകർക്കും വിദ്യാർത്ഥികൾക്കും ജൈവ കൃഷിരീതിയിലുള്ള അറിവ് പകർന്നുനൽകുന്നതിനായി വിതരണം ചെയ്യുന്നുണ്ട്. കൂടാതെ പഞ്ചായത്ത് തലത്തിലും ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും കർഷകർക്കായി പരിശീലന പരിപാടികൾ, സ്കൂൾ തലത്തിൽ വിദ്യാർത്ഥികൾക്കുള്ള പരിശീലന പരിപാടികൾ എന്നിവയും നടത്തിവരുന്നുണ്ട്. ഇതോടൊപ്പം വീട്ടമ്മമാർക്കും, സ്കൂൾ വിദ്യാർത്ഥികൾക്കും സൗജന്യമായി പച്ചക്കറി വിത്ത് കിറ്റുകളും കൃഷിവകുപ്പ് മുഖേന നൽകുന്നുണ്ട്.

കർഷകരുടെ മാതൃകാ സംരംഭങ്ങൾക്ക് പ്രോത്സാഹനം

166 (4204) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിൻ കീഴിൽ കർഷകരുടെ മാതൃകാ സംരംഭങ്ങൾക്ക് പ്രോൽസാഹനം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുമായി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുവഴി സഹകരിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്. 'ആത്മ, ആത്മപ്ലസ് ' എന്നിവയുടെ ഭാഗമായി കർഷകരുടെ മാതൃകാ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകിവരുന്നു.

(ബി) ഇത്തരം പ്രോത്സാഹനം നൽകുന്നതുവഴി മാതൃകാ സംരംഭങ്ങൾ വികസിപ്പിക്കുന്ന കർഷകർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകുന്നു. കൂടുതൽ കർഷകർക്ക് ഇത്തരത്തിൽ സംരംഭങ്ങൾ ആവിഷ്കരിക്കുവാനുള്ള പ്രചോദനം നൽകുന്നു. ഇതോടൊപ്പം മാതൃകാ സംരംഭങ്ങളുടെ പ്രചരണംവഴി മറ്റുകർഷകർക്ക് അവ കണ്ട് മനസ്സിലാക്കുവാനും സ്വന്തം കൃഷിയിടങ്ങളിൽ പകർത്തുവാനും അവസരം ലഭിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly